(ബി) പ്രസ്തുത സംഘങ്ങളുടെ മാതൃകാ ബൈലോയുടെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 23 ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ടൂറിസം സഹകരണ സംഘങ്ങൾക്ക് മാതൃക ബൈലോ രജിസ്ട്രാർ തയ്യാറാക്കിയിട്ടില്ല. അതാതു സംഘങ്ങൾ ബൈലോ തയ്യാറാക്കി ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ ബൈലോ നിയമാനുസൃതമാണോ എന്ന് പരിശോധിച്ച് അംഗീകരിച്ചു നൽകുകയാണ് ചെയ്യുന്നത്.

സ്കൂൾ സഹകരണ സംഘങ്ങൾ

15 (4070) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്നും അവയുടെ ഘടനയും വ്യക്തമാക്കുമോ ;

(ബി) ഈ സംഘങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്ന സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ, നോട്ട് ബുക്കുകൾ, പാഠപുസ്തകങ്ങൾ, മറ്റ് സ്റ്റേഷനറി സാധനങ്ങൾ, റിക്കോർഡ് ബുക്കുകൾ, സ്കൂൾ യൂണിഫോം എന്നിവ വിദ്യാഭ്യാസ വകുപ്പ്, യൂണിവേഴ്സിറ്റി സെൻട്രൽ സ്റ്റോറുകൾ, സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, അംഗീകൃത വ്യാപാരികൾ എന്നിവിടങ്ങളിൽ നിന്നു ശേഖരിച്ച് മിതമായ നിരക്കിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു.

സംഘാംഗങ്ങളുടെ ഇടയിൽ മിതവ്യയശീലം, സഹകരണ മനോഭാവം സ്വാശ്രയശീലം എന്നിവ വളർത്തുക, സംഘാംഗങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്കായി ലഘു സമ്പാദ്യ പദ്ധതി ആരംഭിക്കുക തുടങ്ങിയവയും ഇത്തരം സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു.

പതിനൊന്നുപേരിൽ കൂടാത്ത ഒരു ഭരണ സമിതിയാണ് സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളിൽ ഉള്ളത്. ഭരണ സമിതിയുടെ കാലാവധി സാധാരണയായി 2 വർഷമാണ്. ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ ആണ് സംഘത്തിന്റെ എക്സ് ഓഫിഷ്യോ പ്രസിഡന്റ്. ഭരണ സമിതിയിലെ ഒരു അദ്ധ്യാപകൻ ഓണററി സെക്രട്ടറിയായും പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ ഒന്നോ രണ്ടോ പ്രതിനിധികളും ഇത്തരം സംഘങ്ങളിൽ അംഗങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളുടെ നിലവിലുള്ള പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ പുനഃസംഘടിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ഓഹരി മൂലധനം, ഫർണിച്ചർ സബ്സിഡി എന്നിവ നൽകി വരുന്നു. സ്കൂൾ സഹകരണ സംഘങ്ങൾക്ക് ഫർണിച്ചർ സബ്സിഡിയായി 10,000 രൂപയും കോളേജ് സഹകരണ സംഘങ്ങൾക്ക് 15,000 രൂപയും നൽകുന്നുണ്ട്. ടി തുക സ്കൂൾ/കോളേജ് സഹകരണ സ്റ്റോറുകൾക്കും, സ്കൂൾ സഹകരണ സംഘങ്ങൾക്കും 25,000 രൂപയായും, കോളേജ് സഹകരണ സംഘങ്ങൾക്ക് 30,000 രൂപയായും വർദ്ധിപ്പിച്ചു കൊണ്ട് 17-5-2010-ലെ ജി.ഒ. (എം എസ്) 81/2010/സഹ.നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ലേബർ സഹകരണ സംഘങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ

16 (4071) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലേബർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നിർമ്മാണ രംഗത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ലേബർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇത്തരം സംഘങ്ങൾക്ക് ഒരു വിഭാഗം ഉദ്യോഗസ്ഥരിൽ നിന്നും സഹകാര്യ കരാറുകാരിൽ നിന്നും നേരിടേണ്ടിവരുന്ന പീഡനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നിയമ പരിരക്ഷ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 195 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മൂന്നംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly